കെ.എസ്.എ.പി.റ്റി.എ.പി5/719/19 തീയതി:25.07.2019

**പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**കോഴഞ്ചേരി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.06.2017 മുതൽ 16.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **വിജയലക്ഷ്മി പി.കെ., ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 12.07.19 മുതൽ 23.07.19 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ജയപ്രഭ പി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ആശാ എം.കുരുവിള, ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | മിനി ശ്യാംമോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | പി. രാജേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 1. ശ്രീമതി.സുജ വി | 01-04-2018 - 11-12-2018 ,<br>08-01-2019 -<br>10-03-2019 |
| | 2.ശ്രീ.രെമീഷ്കുമാർ കെ.സി. (അസി.എഞ്ചിനീയർ ഇൻ ചാർജ്) | 12-12-2018-<br>07-01-2019 |
| | 3.ശ്രീമതി ദീപ കെ. | 11.03.2019-<br>31.03.2019 |
| കൃഷി ഓഫീസർ | 1.ശ്രീമതി പി.രാജശ്രീ | 01-04-2018-19-07-2018 |
| | 2.ശ്രീമതി.കവിത | 20-07- |

| | | |
|---|---|---|
| | | 2018 - 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.എം.മാത്യൂ | 01-04-2018 - 31-03-2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ചെറുകോൽ) | ഡോ.രാകേഷ് കോശി എം | 01-04-2018 - 31-03-2019 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി രഞ്ജിത ടി വർഗ്ഗീസ് | 01-04-2018 to 31-03-2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നെബു പി മാത്യു, | 01-04-2018 to 31-03-2019 |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | 1 ശ്രീമതി സൈറ | 01-04-2018 to 24-07-2018 |
| | 2 ശ്രീമതി ലക്ഷ്മി മോഹൻ | 25-07-2018 - 31-03-2019 |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. രാജേശ്വരിയമ്മ | 01-04-2018 - 31-03-2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിനോദ് വി. | 01-04-2018 - 31-03-2019 |

**<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**<u>ഭാഗം 1: പൊതു അവലോകനം</u>**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധം</u>**

1. ബാലൻസ് ഷീറ്റ്- 2018-19
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
3.റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-2018-19
4.ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഉള്ളടക്കം**

| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-1: പൊതു അവലോകനം** | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രികയുടെ പരിശോധന | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | **ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | ഓൺലൈൻ മുഖേന അടവാക്കുന്ന വസ്തു നികുതി യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 2-1 |
| 14. | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതി വരവ് കുറഞ്ഞു | 2-2 |
| 15. | പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശിക | 2-3 |
| 16. | വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല | 2-4 |
| 17. | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ ഇല്ല | 2-5 |
| 18. | പാർക്കിംഗ് ഫീസ് ഈടാക്കുന്നില്ല | 2-6 |
| 19. | ദുരിതാശ്വാസ നിധി | 2-7 |
| 20. | കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 2-8 |
| | **ഭാഗം-3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 21. | സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു മൂലം അധികച്ചെലവ് | 3-1 |
| 22. | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി - അപാകതകൾ | 3-2 |
| 23 | വെള്ളക്കരം ഇനത്തിലെ കുടിശ്ശിക 33.05 ലക്ഷം രൂപ | 3-3 |
| 24. | റോഡ് റീ ടാറിംഗ് പ്രവൃത്തി - കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-4 |
| 25. | മരുന്നു വാങ്ങൽ - മരുന്ന് മുഴുവനായും ലഭ്യമായില്ല | 3-5 |
| 26. | ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരം ശേഖരിച്ചിട്ടില്ല | 3-6 |
| 27. | സാന്ത്വന പരിചരണ പദ്ധതി - മോണിട്ടറിംഗ് അപര്യാപ്തം | 3-7 |
| | **ഭാഗം-4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 28. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 29. | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 30. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33. | ഓഡിറ്റ് റിക്കവറി | 4-6 |
| 34. | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19വർഷത്തെ ബഡ്ജറ്റ് 27/03/2018-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 18707912.61 | 18300954 | | 406958.61 |
| വരവ് | 91734128 | 62920857 | | 28813271 |
| ആകെ | 110442040.61 | 81221811.00 | | 29220229.61 |
| ചെലവ് | 100443204 | 54499766 | | 45943438 |

| | | | | |
|---|---|---|---|---|
| നീക്കിയിരിപ്പ് | 9998836.61 | 26722045.00 | 16723208.39 | 0 |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. യഥാർത്ഥ വരവു ചെലവു കണക്കുകൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 13.04.2019 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് **08.07.2019**-ലെ കെഎസ്എ. പിറ്റിഎ. പി1-602(23/19)നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 18300954 |
| വരവ് | 62920857 |
| ആകെ | 81221811.00 |
| ചെലവ് | 54499766 |
| നീക്കിയിരിപ്പ് | 26722045.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2018-19 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 8092588 | 6980774 | 1111814 | 86.26 |
| വികസന ഫണ്ട് - എസ്.സി.പി | 3686476 | 2205041 | 867221 | 59.81 |
| വികസന ഫണ്ട് - റ്റി.എസ്.പി | 87000 | 0 | 87000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4145457 | 2880621 | 1264836 | 69.49 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 9788000 | 6802078 | 2985922 | 69.49 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 4171000 | 2778000 | 1393000 | 66.60 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 202 | 54935792 | 147 | 0 | 33929091 | 55 | 72.77 |

**പദ്ധതി നിർവ്വഹണ വിവരങ്ങൾ**

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 12 | 2337395 | 10 | 2223074 | 95.10 |
| സേവനം | 93 | 30980817 | 68 | 17933021 | 57.88 |
| പശ്ചാത്തലം | 97 | 21617580 | 69 | 13772996 | 63.71 |
| ആകെ | 202 | 54935792 | 147 | 33929091 | 61.76 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 20 | 11123383 | 6796123 | 61 |
| ഹെഡ്മിസ്ട്രസ് | 7 | 6 | 1231476 | 1167191 | 95 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 1910058 | 781410 | 41 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 76 | 26696480 | 15717629 | 59 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 7 | 7290000 | 3224000 | 44 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 4 | 4 | 865000 | 811505 | 94 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 6 | 6 | 1570000 | 1489150 | 95 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 2217000 | 1918613 | 87 |
| കൃഷി ഓഫീസർ | 5 | 5 | 1512395 | 1512395 | 100 |
| വെറ്ററിനറി സർജൻ | 3 | 3 | 120000 | 111075 | 93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 200000 | 200000 | 100 |
| ആകെ | **202** | **147** | **54935792** | **33929091** | **62** |

**നിർബന്ധിത വകയിരുത്തലുകളും ചെലവും**

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 1275000 | 991161 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 1360000 | 1051435 |
| പാലിയേറ്റിവ് കെയർ | 700000 | 646755 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 3250332 | 1071797 |

| | | |
|---|---|---|
| യുവജന വികസന പദ്ധതി | 157500 | 0 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3073 | 210010 | 213083 | 204549 | 8534 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5021890 | 5021890 | | 0 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 56 | 749100 |
| വിധവാ പെൻഷൻ | 401 | 4925400 |
| വാർദ്ധക്യകാല പെൻഷൻ | 726 | 9372600 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 134 | 1759700 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 171600 |
| തൊഴിൽ രഹിത വേതനം | 7 | 12480 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 3 | 9000 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.07.2019ന് പകൽ 2 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 9862 രൂപയുടെ (ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/ തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**സ്യൂട്ട് രജിസ്റ്റർ :** സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. കേസുകൾക്ക് വക്കീൽ ഫീസ് നൽകിയതിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. കേസുകളുടെ വിധി സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

# 1 - 11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 09.07.2019 വരെ | 05/19 മുതൽ 06/19 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2019 മുതൽ 07.03.2019 വരെ | 2013-14 മുതൽ 2017-18 വരെ | 06.04.2019 |

## 1 - 12 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാതെ അവശേഷിക്കുന്നവ

1. വസ്തുനികുതി - വാർഷിക കണക്ക് പ്രകാരമുള്ള കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി -അഡ്വാൻസ് കളക്ഷൻ തുക സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

   വാർഷിക കണക്ക് പ്രകാരമുള്ള തുക- 167280

   രജിസ്റ്റർ പ്രകാരമുള്ള തുക- 160630

3. ഷെഡ്യൂൾ B9 - ചുവടെ ചേർക്കുന്ന തുകകൾ മുൻവർഷവും ബാദ്ധ്യതയായി കാണിച്ചിട്ടുള്ള തുകകളാണ്- തുകകളുടെ കൃത്യത ഉറപ്പുവരുത്തി ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

   Pension Contribution Payable - 68793

4. ഓഡിറ്റ് റിക്കവറി പഞ്ചായത്തിലെ രേഖകൾ പ്രകാരമുള്ള തുക 3709 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ളത് 35266 രൂപയാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓൺലൈൻ മുഖേന അടവാക്കുന്ന വസ്തു നികുതി യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്തിൽ കാനറാ ബാങ്ക്, കോഴഞ്ചേരി ബ്രാഞ്ചിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 3589201000034) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം NEFT IKM എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ദിവസം തന്നെ ഒന്നിലധികം തുകകൾ ഈ പേരിൽ ഈ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ IKMൽ വന്നതായി രേഖപ്പെടുത്തുന്നതിനും, ഒരേ ദിവസം സംയുക്തമായി ഒറ്റ transfer ആയി രേഖപ്പെടുത്തുന്നതിന് പകരം ഒന്നിലധികം രേഖപ്പെടുത്തലുകൾ വന്നതിനും വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (06/ 22.07.2019)ന്റെ മറുപടി താഴെപ്പറയും പ്രകാരമാണ്. ഓൺലൈനായി വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സഞ്ചയാ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത്, ഐ.കെ.എം. ൽ നിന്നും ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഇത് മൂലം പഞ്ചായത്തിലെ സാംഖ്യകണക്കുകളും സഞ്ചയയിലെ വസ്തുനികുതിയും തമ്മിൽ പൊരുത്തപെടാതെ പോകുന്നു. പല ദിവസങ്ങളിലും തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. ഗൗരവമായ ഈ പ്രശ്നം സർക്കാരിന്റെയും പഞ്ചായത്തിന്റെയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. രണ്ടു ദിവസത്തെ ട്രാൻസാക്ഷൻ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

<u>പഞ്ചായത്തിലെ സാംഖ്യ കണക്കുകളിലും, പാസ്സ് ബുക്ക് പ്രകാരവുമുള്ള വിവരം</u>

| Date of cr. in a/c | Particulars | Deposit Amount |
|---|---|---|
| 12.03.2019 | NEFT- I K M | 3246 |
| 12.03.2019 | NEFT- I K M | 834 |
| 12.03.2019 | NEFT- I K M | 52656 |
| 25.03.2019 | NEFT- I K M | 15172 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിലെ ട്രാൻസാക്ഷൻ സഞ്ചയ സോഫ്റ്റ് വെയറിൽ നടന്നതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Receipt Date | Payee Name | Deposit Amount | Remark |
|---|---|---|---|
| 14.02.2019 | Thevarvelil Kudumbayogam | 2928 | Total 3246<br>പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 12.03.2019 -ൽ മാത്രമാണ്. |
| 14.02.2019 | Babykutty Varghese | 318 | |

| | | | |
|---|---|---|---|
| 13.02.2019 | Baby Varghese | 397 | Total 834<br>പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 12.03.2019 -ൽ മാത്രമാണ്. |
| 13.02.2019 | P.P. Narayanankutty | 437 | |
| 12.02.2019 | Susan Shaji mathew | 4512<br>42932<br>1664<br>3548 | Total 52656<br>പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 12.03.2019 -ൽ മാത്രമാണ്. |
| 25.02.2019 | Wilson Oommen | 12789 | Total 15172<br>പഞ്ചായത്ത് ഫണ്ടിൽ തുക ക്രഡിറ്റ് ആയത് 25.03.2019 -ൽ മാത്രമാണ്. |
| 25.02.2019 | Biju Cherian | 1495 | |
| 25.02.2019 | Titty Chandy George | 888 | |

ഓൺലൈൻ വസ്തു നികുതി അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതുകൊണ്ട് പലിശ ഇനത്തിൽ പഞ്ചായത്തിന് യാതൊരു വരവും ലഭ്യമാകാത്തസാഹചര്യത്തിൽ കൃത്യമായ ഇടവേളകളിൽ ഈ അക്കൗണ്ടിലെ തുക പിൻവലിച്ച് തനത് ഫണ്ടിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 29.06.2019-ൽ ഈ അക്കൗണ്ടിൽ 294624 രൂപയുള്ളത് ശ്രദ്ധയിൽപ്പെട്ടു.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നികുതി വരവ് കുറഞ്ഞു

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, ശ്രീ. ജോജി കെ.നൈനാൻ, കുറുന്തോട്ടിക്കൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിൽ കുറവുണ്ടായി. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (അർഹതപ്പെട്ട ഇളവുകൾ ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി (അർഹതപ്പെട്ട ഇളവുകൾ ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| ശ്രീ. ജോജി കെ.നൈനാൻ കുറുന്തോട്ടിക്കൽ കോഴഞ്ചേരി | 4/470<br>93.74 സ്ക്വ.മീ | 93.74 x 50 = 4687<br>(+) 20% Road = 937.4<br>Total = 5624.4<br>(-) 5% I Floor = 281.2<br>BT = 5344 | 93.74 x 70 = 6561.8<br>(+) 20% Road = 1312.3<br>Total = 7874.1<br>(-) 5% I Floor = 393.7<br>BT = 7482 | **2138** |
| | 4/471<br>43.2 സ്ക്വ.മീ | 43.2 x 50 = 2160<br>(+) 20% Road = 432<br>Total = 2592<br>(-) 5% I Floor = 129.6<br>BT = 2463 | 43.2 x 70 = 3024<br>(+) 20%Road = 604.8<br>Total = 3628.8<br>(-) 5% I Floor = 181.4<br>BT = 3448 | **985** |

| | | | | |
|---|---|---|---|---|
| ആകെ | 136.94 | 7807 | 10930 | 3123 |

ഇതേ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന് 4/469 നമ്പർ നൽകി (122.76 സ്ക്വ.മീ) താഴെച്ചേർക്കുന്ന രീതിയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

122.76 x 70 = 8593.2

(+) 20 % Road = 1718.64

Total = 10312

(-) 5 % Floor = 430.6 (as per rule 9(5))

BT = 9797

ഗ്രൗണ്ട് ഫ്ലോറിൽ സ്ഥിതിചെയ്യുന്ന ടി കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങിലെ ചട്ടം 9(5) പ്രകാരം **516** രൂപ (5%) ഇളവ് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 05/23.07.19) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശിക

പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ 7,90,119-രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 2017-18 വർഷത്തെ കുടിശ്ശിക 3,68,470-രൂപയായിരുന്നു. തൻ വർഷം ഇത് 11,80,123-രൂപയായി (31-3-19ൽ) വർദ്ധിച്ചു. 27.02.2019-ലെ 2(2)-ാം കമ്മിറ്റി തീരുമാന പ്രകാരം പ്രളയത്തോടനുബന്ധിച്ച് എല്ലാ വാടകകാർക്കും ഒരു മാസത്തെ വാടക ഇളവ് ചെയ്തതിനുശേഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയാണിത്. 31-3-19ന് ശേഷം ഓഡിറ്റ് കാലയളവ് വരെ കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് പിരിച്ചെടുക്കുവാൻ കഴിഞ്ഞത് 3,90,004-രൂപ (23.07.2019 വരെ) മാത്രമാണ്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുകയായ 7,90,119- രൂപ പിരിച്ചെടുക്കാൻ ഭരണ-ഉദ്യോഗസ്ഥ തലത്തിൽ അടിയന്തിര ശ്രമം നടത്തേണ്ടതാണ്.

## 2-4 വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ 4 കടമുറികൾ കൃത്യമായ കരാർ ചമയ്ക്കാതെയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകക്കാരുമായി മുദ്രപത്രത്തിൽ കൃത്യമായി ഉടമ്പടി ചമയ്ക്കാതിരിയ്ക്കുന്നത് ഗുരുതരമായ അപാകതയാണ്. ഇതു മൂലം ഈ കാലയളവിൽ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്കോ, വാടക അടവാക്കുന്നതിലുള്ള വീഴ്ചയ്ക്കോ അവരിൽ നിന്ന് പിഴ ഈടാക്കാൻ കഴിയാതെ വരുകയും ഈ ബാദ്ധ്യത ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും മേൽനോട്ട ചുമതലയുള്ളവർക്കുമായി മാറുന്നതാണ്(സെക്രട്ടറി, അസി. സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്). കരാർ ചമയ്ക്കാതെയാണ് താഴെ ചേർത്തിരിക്കുന്ന വാടകക്കാർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് (7/22.07.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

| നം. | വാടകക്കാരന്റെ മേൽവിലാസം | കടമുറി നം. |
|---|---|---|
| 1. | എസ്.ബി.റ്റി., എ.ടി.എം. | 8 |
| 2. | മോൻസി തോമസ്, കിഴക്കേടത്ത്, പുല്ലാട് | B Block - 07 |
| 3. | എ.റ്റി. തോമസ്, ഇടത്തിൽ കിഴക്കേതിൽ | F Block - 04 |
| 4. | മാനേജർ, മത്സ്യഫെഡ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5. | കെ.കെ. അരവിന്ദാക്ഷൻ നായർ, കോണ്ടൂർ, കോയിപ്പുറത്ത് | Bus Stand Announcement |
| 6. | ഭുവനചന്ദ്രൻ നായർ, കുരാനേത്ത് മലയിൽ | Market Gate Fee |

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ ഇല്ല

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം എന്നിവ വാടകയ്ക്ക് നൽകി പോരുന്നത് കൃത്യമായ ബൈലോ തയ്യാറാക്കാതെയാണ്. ഒരിക്കൽ ബുക്ക് ചെയ്തിട്ട് ഉപയോഗിക്കാതെ ക്യാൻസൽ ചെയ്താൽ സ്വീകരിക്കേണ്ട നടപടി / നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് എപ്രകാരം ഈടാക്കാം എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു തീരുമാനമില്ല. രജിസ്റ്റർ പരിശോധിച്ചതിൽ പല ദിവസങ്ങളിലും കമ്മ്യൂണിറ്റി ഹാളും, സ്റ്റേഡിയവും സൗജന്യമായി നൽകിയിരിക്കുന്നതായി കണ്ടു. സൗജന്യമായി നൽകാമെന്നുള്ളതിന്റെ മാനദണ്ഡം വ്യക്തമാക്കി ബൈലോ തയ്യാറാക്കി ഗവൺമെൻറിൽ നിന്നും അംഗീകാരം വാങ്ങുന്നതിന് ഭരണ സമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 പാർക്കിംഗ് ഫീസ് ഈടാക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ , വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ, ചട്ടം 9 ൽ പൊതു വിരാമസ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങൾ അനധികൃതമായി സ്വകാര്യ വാഹനങ്ങളും ടാക്സി വാഹനങ്ങളും പാർക്കിംഗിനായി ഉപയോഗിക്കുന്നു. ഇവിടങ്ങളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ വിവരം | സ്ഥലത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| 1. | വണ്ടിപ്പേട്ട | 24 ആർ 30 ച.മീ | സ്വകാര്യ വാഹനങ്ങളും ടാക്സി വാഹനങ്ങളും പാർക്കിംഗിനായി ഉപയോഗിച്ചു വരുന്നു. പാർക്കിംഗ് ഫീസ് ഈടാക്കുന്നില്ല |
| 2. | ടാക്സി സ്റ്റാന്റ് | 5 ആർ 62.750 ച.മീ | ഫീസ് ഈടാക്കുന്നില്ല |
| 3. | പഞ്ചായത്ത് ബസ്സ് സ്റ്റാന്റ് | 19 ആർ 2.090ച.മീ | ഫീസ് ഈടാക്കുന്നില്ല (പ്രൈവറ്റ് സ്റ്റാന്റിൽ പഞ്ചായത്തിന് 25 ആർ സ്ഥലം സ്വന്തമായുണ്ട്. ഇവിടെ നിന്നും ലേലം മുഖേന പാർക്കിംഗ് ഫീസ് പിരിവ് നടത്തുന്നുണ്ട്.) |

പാർക്കിംഗ് ഫീസ് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (3/19.07.2019) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി 25.11.2010-ന് ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, കോഴഞ്ചേരി ബ്രാഞ്ചിൽ 08.11.103 നമ്പർ അക്കൗണ്ട് 50000-രൂപ നിക്ഷേപിച്ചാണ് ആരംഭിച്ചിരിക്കുന്നത്. എന്നാൽ ഈ സാമ്പത്തിക വർഷം ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് ശേഖരിക്കുന്നതിനോ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനോ പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. 31.03.2018-ൽ ബാങ്കിലെ നീക്കിയിരിപ്പ് തുക 2535രൂപയാണ്, 31.03.2019ലും നീക്കിയിരിപ്പ് 2535രൂപ മാത്രമാണ്. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 136, 137(4) എന്നിവ പ്രകാരം, കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ, പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. പെർമിറ്റ് അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കിയവയുടെ കാര്യത്തിൽ അനുമതി നൽകിയതിനേക്കാൾ വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിൽ, വർദ്ധിച്ച വിസ്തീർണ്ണത്തിന് രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. പെർമിറ്റ് എടുക്കാതെ നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയതെന്ന് ഫയലിൽ കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|
| 1 | ശ്രീ. ശ്രീകുമാർ,<br>ജ്യോതി ഭവൻ,<br>കോഴഞ്ചേരി.<br>157.3 സ്ക്വ.മീ | രാജിയാക്കൽ ഫീസ്<br>157.3 x 10 = 1573<br>(117030108690/07.03.2018) | പെർമിറ്റ് ഫീസ്<br>157.3 x 5 = 787<br>രാജിയാക്കൽ ഫീസ്<br>157.3 x 10 = 1573 | 787 |

| | | | | |
|---|---|---|---|---|
| | | ആകെ = 1573 | ആകെ = 2360 | |
| 2 | ശ്രീമതി സാറാ കോശി,<br>കുരുടമണ്ണിൽ,<br>ചെറുകോൽ.<br>162.72 സ്ക്വ.മീ | രാജിയാക്കൽ ഫീസ്<br>162.72 x 10 = 1627<br>(118030100785/04.05.2018) | പെർമിറ്റ് ഫീസ്<br>162.72 x 5 = 814<br>രാജിയാക്കൽ ഫീസ്<br>162.72 x10= 1627 | 814 |
| | | ആകെ = 1627 | ആകെ = 2441 | |
| 3 | ശ്രീ. ചെറിയാൻ തോമസ് & ബെറ്റി മാത്യ, തെക്കുംകര, കിടങ്ങന്നൂർ,<br>145.67സ്ക്വ.മീ | രാജിയാക്കൽ ഫീസ്<br>145.67 x 10 = 1457<br>(118030102254,55/05.07.2018) | പെർമിറ്റ് ഫീസ്<br>145.67 x 5 = 728<br>രാജിയാക്കൽ ഫീസ്<br>145.67 x10= 1457 | 728 |
| | | ആകെ = 1457 | ആകെ = 2185 | |
| 4 | ശ്രീമതി സിൽവി എബ്രഹാം, കുരുടമണ്ണിൽ മടോമടത്തിൽ, കോഴഞ്ചേരി.<br>158.04സ്ക്വ.മീ | രാജിയാക്കൽ ഫീസ്<br>158.04 x 10 = 1580<br>(118030100783/04.05.2018) | പെർമിറ്റ് ഫീസ്<br>158.04 x 5 = 790<br>രാജിയാക്കൽ ഫീസ്<br>158.04 x10= 1580 | 790 |
| | | ആകെ = 1580 | ആകെ = 2370 | |
| ആകെ കുറവ് | | | | 3119 |

ഗ്രാമപഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുക്കാതെ നിർമ്മിച്ച ടി കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയപ്പോൾ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ 3119 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതുമൂലം അധികച്ചെലവ്

സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്പത്രപ്പരസ്യം നൽകിയതു മൂലം തനതു ഫണ്ടിൽ നിന്നും 71461 രൂപ അധികം ചെലവായി.

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം താഴെപ്പറയുന്ന പരസ്യങ്ങൾക്ക് അധികചെലവ് ഉണ്ടായതായി കാണുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം,പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക,ചെക്ക് നമ്പർ/തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1. | ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപ്പണി,<br>ദേശാഭിമാനി | 210/ ച.സെ.മീ | 10X12.2 | (10X12.2)X210=25620<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 3843<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -21777<br>(+)ജി.എസ്സ്.ടി- 5%- 1089<br>നൽകിയ തുക - 22866<br>ചെക്ക് നമ്പർ- 163708/ 30.07.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%- 214<br>നല്കേണ്ട തുക - 4498 | 18368 |
| 2. | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ<br>ഉദ്യോഗസ്ഥനായ 25 പൊതു | 210/ ച.സെ.മീ | 8X8 | (8X8)X210=13440<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)-2016<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -11424 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284 | 7497 |

| | | | | | | |
|---|---|---|---|---|---|---|
| | മരാമത്ത് പ്രവൃത്തികൾ | | | (+)ജി.എസ്സ്.ടി- 5%-571<br>നൽകിയ തുക -11995<br>ചെക്ക് നമ്പർ-163708/ 30.07.2018 | (+)ജി.എസ്സ്.ടി- 5%-214<br>നല്കേണ്ട തുക - 4498 | |
| 3. | സെക്രട്ടറി, അസി. സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ടുകൾ | 210/ ച.സെ.മീ | 7X8 | (7X8)X210= 11760<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 1764<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -9996<br>(+)ജി.എസ്സ്.ടി- 5%-500<br>നൽകിയ തുക -10496<br>ചെക്ക് നമ്പർ-163708/ 30.07.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%-214<br>നല്കേണ്ട തുക - 4498 | 5998 |
| 4. | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ | 210/ ച.സെ.മീ | 8X8 | (8X8)X210=13440<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)-2016<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -11424<br>(+)ജി.എസ്സ്.ടി- 5%-571<br>നൽകിയ തുക -11995<br>ചെക്ക് നമ്പർ-0101739/ 27.10.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%-214<br>നല്കേണ്ട തുക - 4498 | 7497 |
| 5. | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ | 210/ ച.സെ.മീ | 8X8 | (8X8)X210=13440<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)-2016<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -11424<br>(+)ജി.എസ്സ്.ടി- 5%-571<br>നൽകിയ തുക -11995<br>ചെക്ക് നമ്പർ-0101739/ 27.10.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%-214<br>നല്കേണ്ട തുക - 4498 | 7497 |
| 6. | ക്വട്ടേഷൻ പരസ്യം (മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ) | 215/ ച.സെ.മീ | 8X5 | (8X5)X215=8600<br>(+)ജി.എസ്സ്.ടി-5%-430<br>നൽകിയ തുക = 9030<br>ചെക്ക് നമ്പർ-163708/ 30.07.2018 | (8X3)X215=5160<br>(+)ജി.എസ്സ്.ടി-5%-258<br>നൽകേണ്ട തുക = 5418 | 3612 |
| 7. | ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകൾ | 210/ ച.സെ.മീ | 6X8 | (6X8)X210=10080<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 1512<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -8568<br>(+)ജി.എസ്സ്.ടി- 5%-428<br>നൽകിയ തുക -8996<br>ചെക്ക് നമ്പർ-163708/ 30.07.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%-214<br>നല്കേണ്ട തുക - 4498 | 4498 |
| 8. | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ | 210/ ച.സെ.മീ | 10X8 | (10X8)X210=16800<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 2520 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756 | **10496** |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -14280<br>(+)ജി.എസ്സ്.ടി- 5%- 714<br>നല്കിയ തുക - 14994<br>ചെക്ക് നമ്പർ- 163708/ 30.07.2018 | ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%- 214<br>നല്കേണ്ട തുക - 4498 | |
| 9. | വരൾച്ച- കുടിവെള്ള വിതരണം | 210/ ച.സെ.മീ | 8X5 | (8X5)X210=8400<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 1260<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -7140<br>(+)ജി.എസ്സ്.ടി- 5%- 357<br>നല്കിയ തുക -7497<br>ചെക്ക് നമ്പർ- 163708/ 30.07.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%- 214<br>നല്കേണ്ട തുക - 4498 | 2999 |
| 10. | എൻ.ആർ.ഇ. ജി.എസ്സ് - മെറ്റീരിയൽ വർക്ക് | 210/ ച.സെ.മീ | 8X5 | (8X5)X210=8400<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 1260<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക -7140<br>(+)ജി.എസ്സ്.ടി- 5%- 357<br>നല്കിയ തുക -7497<br>ചെക്ക് നമ്പർ- 163708/ 30.07.2018 | (8X3)X210=5040<br>(-)ട്രേഡ് ഡിസ്കൗണ്ട് (15%)- 756<br>ഡിസ്കൗണ്ട് കിഴിച്ചുള്ള തുക-4284<br>(+)ജി.എസ്സ്.ടി- 5%- 214<br>നല്കേണ്ട തുക - 4498 | 2999 |
| | ആകെ | | | | | 71461 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/20.07.2019) മറുപടി ലഭിച്ചില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന ഫണ്ടാണ് ഇത്തരത്തിൽ അധികം ചെലവഴിച്ചത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ഇത്തരത്തിൽ തുക ചെലവഴിക്കാനുണ്ടായ കാരണം വ്യക്തമാക്കാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക 71461 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി - അപാകതകൾ

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 20/19, തെരുവു വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 348900(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി (അടാട്ട് മാതൃക) രണ്ട് തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ഇതോടൊപ്പം പ്രളയത്തോടനുബന്ധിച്ച് തെരുവു വിളക്കുകൾ വ്യാപകമായി പ്രവർത്തനരഹിതമായ സാഹചര്യത്തിൽ മറ്റു തൊഴിലാളികളേയും അറ്റകുറ്റപ്പണി നടത്തുന്നതിനായി നിയോഗിച്ചിട്ടുണ്ട്.

അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്ന പഞ്ചായത്തുകൾ നിശ്ചിത മാതൃകയിലുള്ള തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല.

2.ഗ്രാമപ്പഞ്ചായത്തിലെ ഓരോ വാർഡിലേയും പോസ്റ്റുകളുടെ എണ്ണം, പോസ്റ്റ് നമ്പർ, ഇവ രേഖപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഏതൊക്കെ പോസ്റ്റിലെ വിളക്കുകളാണ് അറ്റകുറ്റപ്പണി നടത്തിയതെന്ന് ഇക്കാരണത്തിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

3.വാർഡിലെ ജനപ്രതിനിധികൾ നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് തുക അനുവദിക്കുകയാണ് ചെയ്യുന്നത്. സാക്ഷ്യ പത്രങ്ങളിൽ ഓരോ വാർഡിലും നിശ്ചിത എണ്ണം മാറ്റി വച്ചു എന്നു മാത്രമാണ് രേഖപ്പെടുത്തുന്നത്. ഏതൊക്കെ ദിവസങ്ങളിലാണ്

അറ്റകുറ്റപ്പണി നടത്തിയതെന്നോ ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ മാറ്റി വച്ചതെന്നോ രേഖപ്പെടുത്തുന്നില്ല.

4.തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് 02.11.2018 മുതൽ 10.12.2018 വരെയുള്ള കാലയളവിൽ ഉണ്ണികൃഷ്ണപ്പണിക്കർ എന്ന കരാറുകാരൻ പഞ്ചായത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം വിളക്കുകൾ കൈപ്പറ്റിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| 9W LED | 1010 |
| 22W LED | 60 |
| 15W CFL Crompton | 2 |
| ആകെ | 1072 |

ആകെ 1072 വിളക്കുകൾ ടിയാൻ കൈപ്പറ്റിയിട്ടുണ്ടെങ്കിലും വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 970 വിളക്കുകൾ മാത്രമേ ടിയാൻ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. വിളക്കുകൾ മാറ്റി വയ്ക്കുന്നതിന്/ അറ്റകുറ്റപ്പണി നടത്തി തിരികെ സ്ഥാപിക്കുന്നതിന് പോളൊന്നിന് 100 രൂപ നിരക്കിൽ ടിയാൻ പ്രതിഫലം കൈപ്പറ്റിയിട്ടുമുണ്ട്. ഏതിനം വിളക്കുകളാണ് അറ്റകുറ്റപ്പണി നടത്തിയത്/മാറ്റി സ്ഥാപിച്ചത് എന്ന് ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്താത്തതിനാൽ കൈപ്പറ്റിയ വിളക്കുകളിൽ ഏതൊക്കെ ഇനങ്ങളാണ് അറ്റകുറ്റപ്പണി നടത്തിയത്/ മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. അധികമായി കൈപ്പറ്റിയ വിളക്കുകൾ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.2/17.07.2019) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി കൈപ്പറ്റിയ വിളക്കുകൾ തിരികെ വാങ്ങേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 തീയതിയിലെ ജി2 44274/2015 നമ്പർ സർക്കുലർ പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടു മാത്രം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ് ഈ വിഷയത്തിൽ പൊതുമരാമത്ത്, ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 വെള്ളക്കരം ഇനത്തിലെ കുടിശ്ശിക 33.05 ലക്ഷം രൂപ

വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് കുടിശ്ശികയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നത് ഫൈൻ തുക ഉൾപ്പെടെ 33,05,146- രൂപയാണ്. 205 പൊതു ടാപ്പുകളുടെ പ്രതിമാസ ഡിമാന്റ് തുകയായ 89668 രൂപ മാത്രമാണ് നിലവിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. കുടിശ്ശിക തുക അടവാക്കാത്തതിനാൽ പ്രതിമാസം 2% നിരക്കിൽ ഫൈൻ തുകയും വർദ്ധിക്കുന്നു.

2019 ജൂൺ മാസത്തെ വെള്ളക്കരത്തിന്റെ ബിൽ പ്രകാരമുള്ള കുടിശ്ശിക തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 31.05.2019 ലെ നീക്കിയിരുപ്പ് | 3241557 |
| ഫൈൻ | 63589 |
| തൻ മാസം | 89688 |
| ആകെ | 3394834 |

ഭീമമായ തുക കുടിശ്ശിക ഉണ്ടാകാനുള്ള കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരമുള്ള തുക യഥാർത്ഥമാണോ എന്ന് പരിശോധിക്കേണ്ടതും കുടിശ്ശിക ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിരമായി ഭരണസമിതിയും സെക്രട്ടറിയും തീരുമാനമെടുക്കേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 റോഡ് റീടാറിംഗ് പ്രവൃത്തി - കാലിവീപ്പയുടെ വില ഈടാക്കിയില്ല

പഞ്ചായത്തിലെ പാലക്കത്തറ-കുരങ്ങമല റോഡ് റീടാറിംഗ് പ്രവൃത്തിക്ക് ബിറ്റുമിൻ വാങ്ങിയ കാലിവീപ്പയുടെ വില ഈടാക്കിയില്ല.

പ്രവൃത്തിയുടെ പേര് :- പാലക്കത്തറ-കുരങ്ങമല റോഡ് റീടാറിംഗ്,

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 1,80,000-, ചെലവ് - 1,63939-,

കോൺട്രാക്ടർ - ജോജി തോമസ്, എം. ബുക്ക് നം. 52/17-18.

180മീ. റോഡ് റീടാറിംഗിന് ബിറ്റുമിൻ എസ്-65 (പാക്ഡ്) 1340കി.ഗ്രാം (9 ബാരൽ) ഉം, എമൽഷൻ ആർ.എസ്-1 – 150 കി.ഗ്രാം (1 ബാരൽ) ഉം ഉപയോഗിച്ചു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ 10 കാലി വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്തില്ല. ഈ ഇനത്തിൽ 2808-രൂപ (238 * 18% GST *10) യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി തുക കരാറുകാരനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-5 മരുന്നു വാങ്ങൽ -മരുന്ന് മുഴുവനായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർമാർ (ആയുർവ്വേദം, ഹോമിയോ) നിർവ്വഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതികളിൽ മരുന്നകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. അടങ്കൽ / ചെലവ് | ലഭ്യമാക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|
| 1. | S0079/19 കോഴഞ്ചേരി ആയുർവ്വേദആശുപത്രിയിലേക്ക് വൃദ്ധജന പരിപാലന സ്പെഷ്യൽ ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ബിൽ നം. 2/18-19<br>തീയതി. 19.07.2018<br>2,00,000/- | 26,955 രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |
| 2. | S0077/19 കോഴഞ്ചേരി ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ബിൽ നം.3/18-19<br>തീയതി. 06.08.2108<br>4,00,000/- | 2933രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |
| 3. | S0076/19 കോഴഞ്ചേരി ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | ബിൽ നം.1/18-19<br>തീയതി. 18.07.2108<br>7,00,000/- | 57,790രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് |
| 4. | S0091/19 സാന്ത്വന പരിചരണ പദ്ധതി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4,00,000/-<br>(വികസനഫണ്ട്ജനറൽ)<br>2,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹതം) | Prf.Invoice 5151 പ്രകാരം<br>55,150/-രൂപയുടെ<br>[ബ്ലോക്ക്പഞ്ചായത്ത് വിഹതം]<br>Prf.Invoice 3608 പ്രകാരം<br>1,46,755/- രൂപയുടെ<br>[ജില്ലാ പഞ്ചായത്ത് വിഹതം] |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈകൊള്ളേണ്ടതും മരുന്ന ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-6 ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരം ശേഖരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾ സൂക്ഷിക്കേണ്ടതാണെന്ന് 17.08.2016-ലെ സ.ഉ.(സാധാ) നം.2465/2016തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ ചേർത്തിട്ടുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി പ്രകാരം 18 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ടി ആനുകൂല്യത്തിന് അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സാധിച്ചിട്ടില്ല. അംഗനവാടികൾ മുഖേന ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ആനുകൂല്യം നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പൂർണ്ണമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ അർഹരായവർക്ക് മുഴുവൻ ആനുകൂല്യം നൽകുന്നതിന് കഴിയാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 സാന്ത്വന പരിചരണ പദ്ധതി - മോണിട്ടറിംഗ് അപര്യാപ്തം

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി(പി.എം.സി.) ഓരോ സാമ്പത്തികവർഷാരംഭത്തിന മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2മാസം കൂടുമ്പോഴോ, ആവശ്യാനുസരണം ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ആകെ ഒരു പ്രാവശ്യം

മാത്രമാണ് (06.02.2019) പി.എം .സി. മീറ്റിംഗ് കൂടിയിരിക്കുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി. അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല.

തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/ അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണ്. ഓരോ ഹോം വിസിറ്റിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി ആയുർവ്വേദ/ ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും സമ്മർദ്ദം ചെലുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000 | നെൽകൃഷിക്ക് കൂലിച്ചെലവ് 89/19 | 255000 | 0 |
| | 2018-19 | 50000 | വനിതാ ഗ്രൂപ്പ് പച്ചക്കറിക്കൃഷി 93/19 | 50000 | 0 |
| | 2018-19 | 100000 | സാന്ത്വന പരിചരണം 91/19 | 100000 | 0 |
| | 2018-19 | 502797 | ലൈഫ് പാർപ്പിട പദ്ധതി 72/19 | 400000 | 102797 |
| | 2018-19 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, 46/19 | 100000 | 0 |
| | 2018-19 | 400000 | മാലിന്യ സംസ്കരണത്തിനായി ഷെഡ് നിർമ്മാണം, 183/19 | 400000 | 0 |
| | 2018-19 | 100000 | പാലിന് സബ്സിഡി 73/19 | 100000 | 0 |
| | 2018-19 | 50000 | ആശ്രയ പദ്ധതി 26/19 | 0 | 50000 |
| | 2018-19 | 100000 | പൊങ്കനാംതോട് നവീകരണം, 229/19 | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | സാന്ത്വന പരിചരണം 91/19 | 146755 | 53245 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 337203 | ലൈഫ് പാർപ്പിട പദ്ധതി<br>72/19 | 0 | 337203 |
| | ~~2018-~~19 | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, 46/19 | 26300 | 73700 |

# 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 16/19 | 300000 | 0 | 300000 |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, 15/19 | 199892 | 0 | 199892 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽക്കിണർ നവീകരണം, 12/19 | 150000 | 0 | 150000 |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം: ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | 1649/19/ തസ്വഭവ 18.5.10 | 2173620 | 1071044 | 948988 | 73271 | 122056 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 37029 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കായ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം., തീയതി |
|---|---|---|---|---|
| 2015-16 | 3-13 | 1763 | ശ്രീമതി രാജേശ്വരിയമ്മ<br>ഹെഡ് മിസ്ട്രസ്സ് | 118030104061/25.10.18 |
| 2015-16 | 3-4 | 35266 | ശ്രീമതി സൈറ ഇസ്മയിൽ<br>ICDS സൂപ്പർവൈസർ | 118030102147/30.06.18 |
| | ആകെ | 37029 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് | സമാഹൃത റിപ്പോർട്ട് വർഷം, | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| വർഷം<br>ഖണ്ഡിക | ഖണ്ഡിക | | |
|---|---|---|---|
| 2007-08 | 3-13 | പൊതു പരാമർശം | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-5(1), 2-7 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 2-3, 2-6 | വസ്തുനികുതി പരിഷ്കരണ നടപടികൾ-ആധികാരിക സ്ഥിതീകരണമില്ല | പരാമർശം നിലനിൽക്കുന്നു. |
| 2017-18 | അധ്യായം 1 | കെട്ടിടനികുതി | പരാമർശം നിലനിൽക്കുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) [റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 81221811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54499766 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71461 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 71461 | പി.രാജേഷ് കുമാർ, സെക്രട്ടറി |
| ആകെ | 71461 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.രാജേഷ് കുമാർ, സെക്രട്ടറി | പി.രാജേഷ് കുമാർ, സെക്രട്ടറി, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | ചേലശ്ശേരിൽ, പീരുമേട്പി.ഒ, ഇടുക്കി |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽഎഫ്.പിറ്റിഎ.പി2-120/99 തീയതി 24.5.2000/11.7.2000 |
| 1997-98 | നം.എൽഎഫ്.പിറ്റിഎ.പി2-32/99 തീയതി 8.11.2000/5.12.2000 |
| 1998-99 (വരവ്) | നം.എൽഎഫ്.പിറ്റിഎ.പി3-920/08 തീയതി 16.6.2008/30.9.2008 |

| | |
|---|---|
| 1998-99 (ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി2-672/99 തീയതി 7.6.2000/8.8.2000 |
| 1999-00 | നം.എൽഎഫ്.പിറ്റിഎ.പി2-635/01 തീയതി 2.11.2001/6.4.2002 |
| 1999-00 (വരവ്) | നം.എൽഎഫ്.പിറ്റിഎ.പി3-921/07 തീയതി 18.6.2005 |
| 2000-01 | നം.എൽഎഫ്.പിറ്റിഎ.പി3-450/05 തീയതി 4.11.2005/15.12.2005 |
| 2001-02 | നം.എൽഎഫ്.പിറ്റിഎ.പി3-462/03 തീയതി 1.9.2003/14.5.2004 |
| 2001-02 (ജ.ആ ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി3-451/05 തീയതി 14.11.2005/15.12.2005 |
| 2002-03 | നം.എൽഎഫ്.പിറ്റിഎ.പി3-187/07 തീയതി 6.3.2007/13.3.2007 |
| 2003-04 | നം.എൽഎഫ്.പിറ്റിഎ.പി3-172/08 തീയതി 6.1.2009/13.1.2010 |
| 2004-05 | നം.എൽഎഫ്.പിറ്റിഎ.പി11-48/10 തീയതി 13.4.2010 |
| 2005-06 | നം.എൽഎഫ്.പിറ്റിഎ.പി6-395/11 തീയതി 7.6.2011 |
| 2006-07 | നം.എൽഎഫ്.പിറ്റിഎ.പി6-89/12 തീയതി 11.5.2012/4.3.2013 |
| 2007-08 | നം.എൽഎഫ്.പിറ്റിഎ.പി6-90/12 തീയതി 10.5.2012/4.3.2013 |
| 2008-09 | നം.എൽഎഫ്.പിറ്റിഎ.പി6-91/12 തീയതി 14.5.2012/4.3.2013 |
| 2009-10 | നം.എൽഎഫ്.പിറ്റിഎ.പി6-92/12 തീയതി 11.5.2012/4.3.2013 |
| 2010-11 | നം.എൽഎഫ്.പിറ്റിഎ.പി6-120/12 തീയതി 11.5.2012/4.3.2013 |
| 2011-12 | നം.എൽഎഫ്.പിറ്റിഎ.പി12-441/13 തീയതി 3.10.2013/18.1.2014 |
| 2012-13&2013-14 | നം.എൽഎഫ്.പിറ്റിഎ.പി5-1018/14 തീയതി 11.3.2015/11.5.2015 |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി5-488/16 തീയതി 4.5.2016 |
| 2015-16 | നം.കെഎസ്എ.പിറ്റിഎ.പി5-436/16 തീയതി 23.1.2017 |
| 2017-18 | കെ.എസ്.എ.പിറ്റി.എ പി5/1137/18 തീയതി 04/08/2018 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി5/719/2019 തീയതി: 25/07/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

## AUDIT CERTIFICATE

No.K.S.A.PTA.P5/719/2019 Dated:25/07/2019

Certified that I have Audited the Annual Financial Statement of **Kozhancherry Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kozhancherry Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**

**Kerala State Audit Department**

**Pathanamthitta**